**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4301** **06-03-2023 - ൽ മറുപടിയ്ക്ക്**

**ഐ.ജി.എസ്.ടി. റിട്ടേണുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | പുതിയ നികുതി സമ്പ്രദായമായ ജി.എസ്.ടി. (ചരക്ക് സേവന നികുതി)യുമായി ബന്ധപ്പെട്ട ഐ.ജി.എസ്.ടി. (സംയോജിത ചരക്ക് സേവന നികുതി) റിട്ടേണുകൾ എന്താണെന്ന് വിശദമാക്കുമോ; | (എ) | സംയോജിത ചരക്ക് സേവന നികുതി നിയമം, 2017 പ്രകാരം, ചരക്കുകളുടെയോ സേവനങ്ങളുടെയോ അന്തർ സംസ്ഥാന വിതരണത്തിന്മേൽ ചുമത്തുന്ന നികുതിയാണ് ഐ.ജി.എസ്.ടി.. ഐ.ജി.എസ്.ടി.-ക്ക് മാത്രമായി പ്രത്യേക റിട്ടേൺ ഫയൽ ചെയ്യേണ്ടതില്ല. ഡെസ്റ്റിനേഷൻ തത്വത്തെ അടിസ്ഥാനമാക്കിയാണ് ഐ.ജി.എസ്.ടി. നിയമവും ചട്ടവും നടപ്പിലാക്കിയിരിക്കുന്നത്. നികുതിദായകൻ ഫയൽ ചെയ്യുന്ന ജി.എസ്.ടി. നിയമ പ്രകാരമുള്ള റിട്ടേണിൽ സംസ്ഥാന നികുതി അടയ്ക്കുന്നതിനായി ഐ.ജി.എസ്.ടി. എത്ര ഉപയോഗിക്കുന്നുവോ, ആയതിന് തുല്യമായ തുക ചരക്കു സേവന നികുതി സെറ്റിൽമെന്റ് ഓഫ് ഫണ്ട് നിയമം, 2017 പ്രകാരം കേന്ദ്ര ഗവൺമെന്റ് സംസ്ഥാന അക്കൗണ്ടിലേക്ക് കൈമാറുന്നു. |
| (ബി) | ഐ.ജി.എസ്.ടി. റിട്ടേണുകൾ ഘടനാപരമായി പരിഷ്കരിക്കാത്തത് മൂലം അഞ്ചു വർഷത്തിനിടെ ശരാശരി ഇരുപത്തിഅയ്യായിരം കോടി രൂപ സംസ്ഥാനത്തിന് നഷ്ടമായതായി എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിൽ വ്യക്തമാക്കിയിട്ടുണ്ടോ; | (ബി) | 16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (സി) | എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ട് നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കുമോ; | (സി) | 16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |
| (ഡി) | സംസ്ഥാനത്തിന് അഞ്ചു വർഷത്തിനിടെ ശരാശരി ഇരുപത്തിഅയ്യായിരം കോടി രൂപ നികുതി ഇനത്തിൽ നഷ്ടമായത് ജി.എസ്.ടി. റിട്ടേൺ ഫയൽ ചെയ്യുന്നതിലെ പ്രശ്നങ്ങൾ മൂലമാണോയെന്ന് വ്യക്തമാക്കാമോ? | (ഡി) | 16-09-2022-ലെ എസ്.ആർ.ഒ. നം. 892/2022 പ്രകാരം രൂപീകരിച്ച നിലവിലെ എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിൽ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ